Golden Jubilee Celebration Souvenir 1954

ഗ്രാമകഥാസ്വാധീനം നാലാപ്പാടനിൽ

ഡോ: സി കെ. മൂസത്, ഭാഷാഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.

മഹാകവി വള്ളത്തോൾ വാല്മീകിരാമായണം തർജ്ജമചെയ്തു പ്രചരിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ എല്ലാ സംരംഭങ്ങളിലും ഒന്നിച്ചുനിന്നു സഹായിച്ചിട്ടുള്ള ബന്ധുക്കളായ കവികളിൽ മുമ്പന്തി പിടിച്ച ചിന്തകനും കവിയുമായിരുന്ന നാലപ്പാട്ടു നാരായണമേനോൻ (1887—1954) അറുപത്തേഴാമത്തെ വയസ്സിൽ 31—5—1954നു അന്തരിച്ചപ്പോൾ ഒരു സാഹിത്യ പ്രസിദ്ധീകരണം പാലക്കാട്ടുനിന്നു എന്റെ നിയന്ത്രണത്തിൽ പുറപ്പെട്ടിരുന്നു. മലയാളി പ്രതിപക്ഷ പത്രത്തിലെ പത്രാധിപക്കുറിപ്പായി എഴുതിയതു ഇങ്ങിനെയായിരുന്നു. "ശ്രീ നാലപ്പാട്ടു നാരായണ മേനോൻ നിര്യാതനായി. കേരളത്തിനു ഒരു കവി മാത്രമല്ല സമുദ്രത്തിന്റെ ഗാംഭീര്യവും നിലാവിന്റെ മനോഹാരിതയും കണ്ണീരിന്റെ നനവും ഉൾക്കൊള്ളുന്ന കണ്ണുനീർ തുള്ളിയുടെ കർത്താവായ കവി മാത്രമല്ല നാലപ്പാടനിലുണ്ടായിരുന്നതു". പ്രാപഞ്ചികതത്വങ്ങളുടെ അഗാധതയിലേക്കു ഇറങ്ങിച്ചെന്ന ഒരു ചിന്തകൻ, വിക്ടർ ഹ്യൂഗോവിനെയും എഡ്വിൻ ആർനോൾഡിനെയും ഹാവലോക്ക് എല്ലിസിനേയും മലയാളികൾക്കു പരിചയപ്പെടുത്തിയ പണ്ഡിതൻ, എല്ലാറ്റിലുമുപരി അന്തസ്സുള്ള ഒരു മനുഷ്യൻ — ഇതെല്ലാമായിരുന്ന നാലപ്പാടൻ.

അദ്ദേഹം ഇന്നോളം ജീവിതത്തിലും സാഹിത്യത്തിലും ജീവിക്കുകതന്നെയായിരുന്നു. വിശാലമായ അദ്ദേഹത്തിന്റെ സാഹിത്യ സാമ്രാജ്യത്തിലേക്കു എത്തിനോക്കിയാൽ നമുക്കിതു വ്യക്തമാകും. നിരുപദ്രവികളായ കുറെ നാല്ക്കാലികളും താല്ക്കാലിക പ്രശസ്തിയെ ലക്ഷ്യമാക്കിയുള്ള ക്ഷുദ്രകൃതികളുംനിമ്മിച്ചശേഷം വളരെക്കാലം പത്തു ജീവിച്ചു. നിശ്ശബ്ദം മൺമറഞ്ഞുപോവുകയല്ല നാലപ്പാടൻ ചെയ്തതു. ഒരായുഷ്ക്കാലത്തെ പരിശ്രമത്തിന്റെയും അനിതരസാധാരണമായ വിജ്ഞാനത്തിന്റെയും സന്തതികളാണു "പാവങ്ങളും" "പൗരസ്ത്യ ദീപവും" "ആർഷജ്ഞാനവും"

വിശ്വസാഹിത്യത്തിൽനിന്നു നമുക്കുലഭിച്ചിട്ടുള്ള ഉത്കൃഷ്ടഗ്രന്ഥങ്ങളുടെ പട്ടികയിൽ ഒന്നാമത്തേതു "പാവങ്ങൾ"ളായിരിക്കും. ആ ബൃഹദ്ഗ്രന്ഥത്തിന്റെ താളുകളിൽ വിക്ടർ ഹ്യൂഗോ ആവിഷ്കരിച്ച വിപുലമായ മനുഷ്യ ജീവിതം കേരളത്തിലെ മനുഷ്യസ്നേഹികളായ സാഹിത്യകാരന്മാരുടെ ചിന്തകളും തത്വശാസ്ത്രത്തിനും വെളിച്ചം നൽകിയിട്ടുണ്ട്. ഇംഗ്ലീഷു ഭാഷ പരിചയമില്ലാത്ത മലയാള വായനക്കാർ ഹ്യൂഗോവിനെക്കണ്ടതു നാലപ്പാടനിലൂടെയാണു.

ശാസ്ത്രഗ്രന്ഥങ്ങളുടെ കാര്യത്തിലും മലയാളസാഹിത്യം ഇന്നു ദരിദ്രയാണു. വിവിധ വിഷയങ്ങളിൽ പഠിച്ചു പരിചിന്തിച്ചെഴുതിയ ഗ്രന്ഥങ്ങളും എത്രയുണ്ടെന്നു നോക്കുമ്പോൾ നമുക്കു ലജ്ജിക്കേണ്ടിവരും ഈ വിഭാഗത്തിൽ "രതിസാമ്രാജ്യവും" "ആർഷജ്ഞാനവും" നമ്മുടെ വിലപിടിച്ച മുതൽക്കൂട്ടാണു. ലൈംഗിക ശാസ്ത്രത്തിന്റെ പേരിൽ വായനക്കാരന്റെ മാംസളവികാരത്തെ ചൂഷണം ചെയ്തു മുതലുണ്ടാക്കുന്ന ശാസ്ത്രഗ്രന്ഥങ്ങളും കണ്ടു മനം മടുത്ത കൈരളിക്കു 'രതിസാമ്രാജ്യം' അഭിമാനിക്കത്തക്ക ഒരു നേട്ടമാണു എണ്ണമറ്റ പാശ്ചാത്യശാസ്ത്രങ്ങളുടെ വെളിച്ചത്തിൽ നിർമ്മിച്ച "രതിസാമ്രാജ്യ"ത്തിന്റെ റെഫറൻസു പട്ടിക നമ്മെ അമ്പരപ്പിക്കുകതന്നെ ചെയ്യും. മനുസ്മൃതിയും ഋഗ്വേദവും ഫ്രോയിഡിയൻ ലൈംഗിക ശാസ്ത്രവും ഹേവലോക്ക് എല്ലിസിന്റെ ശാസ്ത്രവിജ്ഞാനവുമെല്ലാം വിജയപൂർവ്വം കൈകാര്യം ചെയ്യാൻ സാധിച്ച നാലപ്പാടൻ ഒരു വിജ്ഞാനകേന്ദ്രമായിരുന്നു.

എങ്കിലും മലയാളികളെ സംബന്ധിച്ചു നാലപ്പാടൻ കവിയാണു. ഭാഷയിൽ ഒരു താജ്മഹൽ നിർമ്മിക്കാൻ സാധിച്ച നാലപ്പാടൻ ഉന്നതമായ ചിന്താമണ്ഡലങ്ങളിൽ വിഹരിച്ചിരുന്ന അദ്വിതീയനായ ഒരു കവിയായിരുന്നു. ഞങ്ങളും വ്യസനിക്കുന്നു. ആ മഹജ്ജീവിതം മലയാളത്തിന്നു ഒരു തണലായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം നികത്താനാവാത്ത ഒരു വിടവായി നിലകൊള്ളുന്നു."

ഇത്രയുമാണു അന്നു ധൃതിയിൽ എഴുതിവെച്ചതു. രാമായണം എത്രകണ്ടു അദ്ദേഹത്തിൽ സ്വാധീനം ചെലുത്തി എന്നതിനെപ്പറ്റി ഒരക്ഷരം അന്നു പറഞ്ഞില്ല. 'സുലോചന' 'ദൈവഗതി' എന്നിങ്ങനെ രണ്ടു കൃതികളും അന്നു വായിക്കാനിടയായില്ല എന്നതാണു മുഖ്യകാരണം. ഇന്ദ്രജിത്തിന്റെ ഭാര്യയായ സുലോചന എന്ന സാധ്വിയെപ്പറ്റിയുള്ള ഒരു ഖണ്ഡകൃതിയാണു ആദ്യത്തേതു. രാമനുമായുള്ള ഏറ്റുമുട്ടലിൽ ലക്ഷ്മണന്റെ കൈകൊണ്ടു മകൻ ഇന്ദ്രജിത്തും അന്തരിച്ചുപോയി എന്ന വാർത്ത ഉൾക്കിടിലത്തോടുകൂടിയാണു രാവണൻ കേൾക്കുന്നതു.

കൃതാന്തനും കൂടി വിറച്ചു ചൂളിടും
പ്രതാപവാൻ തന്മകനിന്ദ്രജിത്തുമേ
ഇതാകടുംകാല വശത്തിലാണ്ടുവെ—
ന്നതാശ്രു കേട്ടൊന്നു നടുങ്ങി രാവണൻ

ഇതെന്തു കഥ! ആനയുടെ മസ്തകം തകർക്കാൻ കഴിവുള്ള സിംഹക്കുട്ടിയെ ഒരു മാൻകു കൊന്നുവെന്നു് കേൾക്കുമ്പോഴത്തെ ഒരവസ്ഥയാണല്ലോ ഇതു്! യമൻകൂടി ഭയത്തോടെ കരുതു ഒരു യുവധീരനാണു് തന്റെ മകൻ ഇന്ദ്രജിത്തു്. ഒരു മനുഷ്യനവനെ വകവരുത്തി എന്നു കേൾ ആർ ഓർത്തു!

എട്ടുകുകഞ്ഞെന്നുടെ ചന്ദ്രഹാസമി—
യെട്ടത്ത കൃത്യത്തിനവറിനിപ്പൊഴേ
കൊടുത്തിടാം കൂലിയതല്ലയെങ്കിലെൻ
മിടുക്കു തുച്ഛം ദശകണ്ഠനല്ല ഞാൻ

ശ്ലോകങ്ങൾക്കു് കണ്ണുനീർ തുള്ളിയിലെന്നപോലെ പിരിമുറുക്കം വന്നുകഴിഞ്ഞിട്ടില്ല. ഈശ്വര പ്രാർത്ഥനാശ്ലോകംകൊണ്ടുതുടങ്ങുന്ന ഈ കൃതി നാലപ്പാടന്റെ ഒരു ബാല്യകാല യത്നമാകണം. എന്നായാലും കൃതഹസ്തനാകേണ്ട കലാകാരന്റെ കരവിരുതുകളുടെ ആദ്യസ്ഫുരണം ഇതിൽ തെളിഞ്ഞുകാണുന്നുണ്ടു്. ക്ഷോഭിച്ചുനിൽക്കുന്ന രാവണന്റെ മുമ്പിലേക്കു് സുലോചന കടന്നുവരികയാണു്. രാവണൻ തന്റെ സ്നുഷയെ ഭർത്തൃചരമക്രിയയാണെന്നു ധരിച്ചു് സമാശ്വസിപ്പിക്കാൻ നോക്കുമ്പോൾ അവൾ ധൈര്യത്തോടെ പറയുന്നു.

മരിച്ചു തൻ കാന്തനിതോർത്തു കണ്ണുനീർ
ചൊരിഞ്ഞുനിൽക്കേണ്ടൊരു ഭീരുവല്ല ഞാൻ
എരിഞ്ഞ ചെന്തീയ്യുമുതല്ലയോ വരൻ
പിരിഞ്ഞകം ചുട്ട സതിക്കു സാമ്പ്രതം!

"പതിവ്രതാ ധർമ്മനിവിഷ്ടയായ ഞാൻ
പതിക്കെഴും പാർശ്വമണഞ്ഞിടും ക്ഷണാൽ
അതിനുമുമ്പാമുഖമൊന്നുകാണുവാൻ
കൊതിച്ചിടുന്നേനതി ബാണപാതിതാ

അതുകൊണ്ടു് നയജ്ഞനായ രാമനെക്കണ്ടു് തന്റെ ഭർത്തൃമുഖദർശനത്തിനു് അനുമതി വാങ്ങാൻ ഉദ്ദേശിക്കയാണു്. ആ ഉദ്ദേശം സാധിക്കുന്നതിനുള്ള അനുമതിക്കുവേണ്ടിയാണു് ഇപ്പോൾ താൻ രാവണനെ സമീപിക്കുന്നതു് എന്നായിരുന്നു ആ പതിവ്രതാരത്നത്തിന്റെ മറുപടി. ഇന്ദ്രജിത്തിന്റെ മരണവാർത്തയെക്കാൾ ഞെട്ടിപ്പിച്ച സംഭവമായിരുന്നു സുലോചനയുടെ വാക്കുകൾ

തുടിച്ചുരക്തത്തൊടരക്കനാഞ്ഞുപല്ലു്
കടിച്ചു തീക്കട്ട തെറിച്ചുകണ്ണുമായു്
ചൊടിച്ചു നിൽക്കെക്കൊടുതായിടും ഭയം
പിടിച്ചു ലോകങ്ങളം പരിഭ്രമിച്ചുപോയു്

ഭർത്തൃഘാതകന്റെ മുമ്പിൽ ലജ്ജയില്ലാതെ യാചനാപാത്രവുമായി ചെല്ലുക എന്ന ആശയം രാവണനവൻ എങ്ങിനെ സഹിക്കുന്നു സാധ്വിയുടെ ധർമ്മം ഭർത്താവോടൊപ്പം ജീവനവസാനിപ്പിക്കുകയാണു്. അതിനു ശ്രമിയ്ക്കയല്ലാതെ അവൾ തന്റെ മുമ്പിൽ നിന്നാൽ വെട്ടിനുറുക്കി പെൺകൊല നടത്തി എന്ന പേരുദുഷ്യംകൂടി സമ്പാദിക്കേണ്ട നിലവരും! സുലോചന വളരെ വിനയത്തോടും ചാതുര്യത്തോടും കേണപേക്ഷിച്ചു തന്റെ അന്ത്യാഭിലാഷസാക്ഷാൽക്കാരത്തിനു് രാക്ഷസചക്രവർത്തി തടസ്സം നിൽക്കരുതെന്നു്.

അനാഥ ഞാൻ പാപപയോധി, പാരുകം—
ക്കനാരതം താങ്ങവിടുന്നുമെൻ പ്രഭോ
അനാര്യമായ്വല്ലതുമോതിയാലുമി—
ന്നനാദരം തേടരുതെന്റെമേൽ ഭവാൻ

വെറും സുഖം മേൽപ്പതി, ജീവനിൽപ്പരം
വെറുത്തിരിപ്പൂ ദയിതൻ പിരിഞ്ഞ ഞാൻ
നറും നിലാവൊത്തുയരും യശസ്സുഹോ
കറുക്കുകില്ലി "ക്കഴു" മൂലമിന്നിമേൽ

അടിയ്ക്കുകപ്പുന്നവരോടമർഷമി—
പ്പടിയ്ക്കുകാട്ടുന്നതു കഷ്ടമല്ലയോ
ഇടിച്ചിലല്ലോ പുകളിന്നതെൻ പ്രഭോ!
വെടിഞ്ഞിടായ്കിഗ്ഗതികെട്ടൊരെന്നെ നീ

രസ്സ് ഒരു നോക്കു കണ്ടിട്ട് ചിതാഗ്നിയിൽ ചാടി ജീവനൊടുക്കും സംശയമില്ല. ശിരസ്സ് കാണാൻ സാധിക്കുമെന്നു വാദം പാടുണ്ടോ. രാമസന്നിധിയിൽ പോകാനുള്ള കാരണം എന്റെ ഭർത്താവിനോടുള്ള ബഹുമാനമാണ്. രാവണൻ തുടർന്ന് ഓർമ്മപ്പെടുത്തുന്നു. ശ്രീരാമനു് എന്തു നീതിബോധമാണ് മര്യാദയാണ് ഉള്ളതെന്നു്! തന്റെ ഏകസഹോദരിയെ വികൃതാംഗയാക്കിവിട്ട ആളുടെ നീതിബോധവും മര്യാദയും ഏവർക്കും ഊഹിക്കാവുന്നതുമാത്രം! ഇത്രയുമായപ്പോഴേക്കും സുലോചനയിലെ ആത്മീയശക്തി സടകുടഞ്ഞെഴുന്നേറ്റു. പരമദുഷ്ടനാണ് രാവണസ്വഭാവമെന്നു് അറിയാഞ്ഞിട്ടല്ല; ദയയുടെ കണികയുണ്ടാകും എന്നു ധരിച്ചു താനാണ് അപരാധം ചെയ്തതു്. പരപീഡനം ഒരു വിനോദമാണല്ലോ ദുർജനത്തിനു് എന്നോർക്കാത്തതായിരുന്നു തനിക്കു പറ്റിയ പിശകു്. അവൾ ഉള്ളിൽ തറയ്ക്കുംപോലെ ചൂട്ട മറുപടി കൊടുത്തു.

കടുത്തവാക്കിങ്ങനെ ചൊന്ന നിൻ തല—
യ്ക്കടുത്തുനാശം രഘുവംശ വീരനാൽ
മിടുക്കു കാട്ടപ്പെടുയർന്ന വംശമൊ—
ന്നൊടുക്കുവാൻ തീന്നൊരു ദുഷ്ടു! ദുർമ്മതേ!

പിടിച്ചുകെട്ടുന്നതു സാധുവെന്നെയ—
ല്ലടിച്ചുകേറും രിപുവിന്റെ നേർക്കു നീ
നടിച്ചൊരീശ്വരത കാട്ടും ദംഷ്ടവും
കടിച്ചു നിൽക്കേണ്ട; ഗമിക്കയായി ഞാൻ

ഇത്രയും തന്റെ സ്നുഷ മറുപടി പറഞ്ഞപ്പോഴേക്കും രാവണനടക്കം ഏവരും മരംപോലെ മലച്ചു നിന്നുപോയി എന്നാണ് കവി പറയുന്നതു്

ദുരന്തദുശ്ശീലമറിഞ്ഞു രാക്ഷസേ—
ശ്വരങ്കൽ നിന്നാജ്ജയലക്ഷ്മിപോലവേ
വിരണ്ട രാമന്റെയടുക്കലേക്കു താൻ
പുരന്ധ്രിയാളങ്ങിനെ യാത്രയായിതേ.

രാമസന്നിധിയിലെ ഇപ്പോഴത്തെ കഥയെന്താണു്. ഇന്ദ്രജിത്തും ഹതനായി എന്ന സന്തോഷവാർത്തയുമായി ലക്ഷ്മണൻ ജ്യേഷ്ഠനെ സമീപിക്കുന്നു. ചുറ്റും കൂടിയ കപിവീരർ ഒച്ചവെക്കുന്നുണ്ടു് "ഹതൻ ഹതൻ രാവണി" എന്നു്. ശ്രീരാമൻ ലക്ഷ്മണനെ വിജയത്തിൽ ഗാഢാശ്ലേഷണംചെയ്തു തലയിൽ മുകർന്നു വ്രണങ്ങളും ഉണങ്ങുന്നതിനായി ചികിൽസകന്മാർക്കു് നിർദ്ദേശം കൊടുക്കുകയാണു്. ഇന്ദ്രജിത്തിന്റെ വധം യുദ്ധത്തിൽ തികച്ചും നിർണ്ണായകമാണെന്നു് ശ്രീരാമൻ പറയുന്നതിങ്ങനെയാണു്.

തുറിച്ച ചുട്ടം പുലിതന്റെ പല്ലിതാ
പറിച്ചുചെന്തിയ്യിനു ചൂട്ടമാററി നീ
മുറിച്ച ലങ്കേശനെഴും വലങ്കരം
തെറിച്ചുപോയ് രാക്ഷസരാജശക്തിയും
അരക്കർ തന്നനയ, മെന്റെ ദുര്യശ—
സ്സുരത്തകാന്താവിരഹ വ്യഥാഭരം
സുരക്കെഴും ഭീതിയിതൊക്കെയൊന്നുപോ—
ലുരിഞ്ഞു നീ രാവണി വീണവീഴ്കയിൽ

ആ ഘട്ടത്തിൽ ഇന്ദ്രജിത്തിന്റെ പത്നി രംഗപ്രവേശം ചെയ്തതു് പല സംശയങ്ങൾക്കും വഴിവെച്ചു. പരാജയം സമ്മതിച്ചു് സമാധാനാഭ്യർത്ഥന ചെയ്യാനായി രാവണൻ സീതയെ തടവു വിട്ടു് രാമസന്നിധിലേക്കു് അയച്ചതാകുമോ? അതു ധൈര്യത്തോടെയാണു് സുന്ദരിയായ സ്ത്രീ എത്തുന്നതു്. താൻ ഇന്ദ്രജിത്തിന്റെ പത്നിയാണു്, പതിവ്രതാത്വം പരമധർമ്മമായി കരുതുന്നവളാണു്. മരിച്ച ഭർത്താവിന്റെ മുഖമൊന്നു നേരിൽക്കണ്ടു് ഉടനടി ചാടി ജീവിതമവസാനിപ്പിക്കാമെന്നു വെച്ചു് വന്നതാണു്. അന്യഥാ ധരിക്കരുതെന്നപേക്ഷയുണ്ടതാനും. ഹനുമാൻ ഇടപെട്ടു് ആശ്വാസം പകരുമാറു് പറയുന്നു. തന്റെ സ്വാമി രാഘവൻ ഉദാരമനസ്കനാണു് എന്നു്. 'അപ്പോഴും സുലോചന തുടർന്നു പറഞ്ഞു, മരണവക്ത്രത്തിലായ തന്റെ ഭർത്താവു് ഒരു കുറിപ്പു് തനിക്കെത്തിച്ചു, അറുപോയ തന്റെ ശിരസ്സു് രാമപാദാബ്ജത്തിൽ ഒരർച്ചനാവസ്തുവായി വീഴാൻ ആഗ്രഹിച്ചതായിട്ടു്, ഉടൻ ഇതിന്റെ ആന്തരാർത്ഥം മനസ്സിലാവാത്ത മൊച്ചകയം വീണ്ടും ഒച്ചവെച്ചു പോദിച്ചു. 'അറുപോയ തലയെങ്ങിനെ സന്ദേശം പറയും', 'അറുപോയ കയ്യെങ്ങിനെ സന്ദേശം കുറിക്കും' എന്നു്. ഏതായാലും ഭർത്തൃശിരസ്സുകണ്ടു് തന്റെ സത്യസന്ധതയെ മറ്റുള്ളവർക്കു ബോധ്യപ്പെടുത്തിയാൽ മതിയെന്നു് ശ്രീരാമൻ പറഞ്ഞു. ഉടൻ ശിരസ്സു് സുലോചനയുടെ മുമ്പിലാനയിക്കപ്പെട്ട കാരണം എന്തു സംഭവിക്കുന്നു എന്നറിവാൻ ഉൽക്കണ്ഠാകുലരായി ചുറ്റും കൂടി.

ഒരുത്തർ മേലോറിയൊരുത്തരുക്കനാം
തരുക്കളിൽപ്പാഞ്ഞു കരേറി മാറുപേർ
പെരുത്തുതിക്കിച്ചിലർ ചെന്നുമുമ്പിലെ,
ന്തൊരുത്സവം! മൊച്ചകം നോക്കിനില്ക്കയായ്

ഒരിക്കൽപ്പാലക്കാരെക്കൂടി ഭയപ്പെടുത്താൻ കഴിവുള്ള ഒരു മാനുഷ പ്രഭാവന്റെ തലയുടെ ഉഗ്രത! ഇന്ദ്രജിത്തിന്റെ പേരുകേട്ടാൽ പേടിച്ചൊളിക്കയാണു് അന്തകൻ പതിവു്. ഇപ്പോളിതാ നിർഭയം അന്തകൻ അദ്ദേഹത്തെ കടന്നാക്രമിച്ചിരിക്കുന്നു. ഭർത്താവു് മരിച്ചു; പിതാവാണെങ്കിൽ ക്രോധതാമ്രായനായും ഭവിച്ചു. ദുഃഖപാരവശ്യവുമായി എന്തിനു സമയവ്യയം ചെയ്യുന്നുവെന്നു മൊച്ചകം ബഹളം കൂട്ടിയപ്പോഴും, അതിനെ മാരുതി അടക്കി നിർത്തി. കുരങ്ങുകളുടെ പരിഹാസവും ശകാരവും കേൾക്കേണ്ട ഗതിയായല്ലൊ തനിക്കെന്നു സുലോചന അത്യധികം ദുഃഖിച്ചു.

സുമഞ്ജുവായ് സാധ്വിയിതിത്രൊന്നവാ—
റമന്ദ മാട്ടിവ്യമുഖത്തിലേവരും
അമർഷലജ്ജാതുല രാഗസങ്കുലം
കിമപ്യവർണ്യസ്ഥിതമൊന്നുകണ്ടുതേ

അനർഘശീലേ മതി ശിക്ഷ, നിയ്യതാൻ
നിനസ്സുമജ്ജീവനമെന്നതിസ്ഫുടം
കനത്തൊരിന്ദ്രാരിശിരസ്സുരച്ചുകേ—
ട്ടനക്കമെന്യേനിലവായിമൊച്ചകം

ഉടൻതനെ കാര്യഗൗരവം മനസ്സിലാക്കി ഏവക്കുംവേണ്ടി ഹനുമാൻ സാധ്വിയുടെ കാൽക്കൽ വീണു. അജ്ഞതമൂലം തന്റെ കൂട്ടുകാർ ചെയ്തിരിക്കാവുന്ന അനാദരങ്ങൾ പൊറുക്കണമെന്നു് അപേക്ഷിച്ചു. ഒട്ടും താമസമുണ്ടായില്ല രാഘവന്റെ അനുമതിയോടുകൂടി ഭർത്യുജ്ഞം ദഹിപ്പിച്ച ചിതയിലേക്കു് ഉടന്തടി ചാടുകയും ഉടൻ തീ ചന്ദനംമെന്നപോലെ തണുത്തുകാണപ്പെടുകയും ചെയ്തു. ഈ സ്ത്രീ ആരാണെന്നും അവരുടെ അലൌകിക പ്രകൃതിയുടെ രഹസ്യമെന്താണെന്നും കനിഞ്ഞരുളിച്ചെയ്യണമെന്നു് മാരുതി ശ്രീരാമനോടപേക്ഷിച്ചു ഒരു പുഞ്ചിരിയോടുകൂടി ശ്രീരാമൻ തന്റെ കൈത്തലം ലക്ഷ്മണന്റെ മാറിൽ വെച്ചതും ഒരു പുതിയ ചിന്ത വന്നപോലെ ലക്ഷ്മണനിൽ ഭാവഭേദം കാണപ്പെട്ടതും ഒന്നിച്ചായിരുന്നു.

ഹന്ത ഹാ ഹാ ഞാനെന്പ്രിയതന-
ജതൻ കാന്തനെയിതാ
വിതക്കംകൊന്നിട്ട , മമ മക-
ളുതേകാരണവുമായ്
ചിതച്ചെന്തിയ്യേറി ശിവ ശിവ!!
സുമിത്രാതനയന—
ങ്ങിതയ്യോ ചൊല്ലിത്താൻ കരയവെ
നടുങ്ങീ സകലരും.

ഈ മട്ടപ്പോഴപ്പുരുങ്ങന്നനിലതനയനോ
ടോതീതമൻ, "ധരിയ്യു
പ്പൂമങ്കയ്ക്കൊത്തനൽപ്പെൺകൊടിയിവളരഗേ—
ശന്റെ പെൺപൈതലല്ലോ;
പ്രേമത്താലിന്ദ്രജേതാവിനെയവം വരനായ്
വേട്ടിതാശ്ലേഷനാണി—
നീമൽസോദര്യനെന്തോ പരമശിവ വിലാ
സങ്ങളിങ്ങാരറിഞ്ഞു"!

ലക്ഷ്മണൻ ഇന്ദ്രജിത്തുവധത്തിൽ ചെയ്തതു് യഥാർത്ഥത്തിൽ ജാമാതൃവധമാണെന്നും വ്യക്തമാക്കപ്പെടുന്നു.

രാമായണകഥാസ്പർശിയായ മറ്റൊരു കൃതി നാലപ്പാട്ടു് എഴുതിയതിന്റെ പേരാണു് 'ദൈവഗതി'. രാമകഥ ഓട്ടന്തുള്ളലിലായി അധികം കണ്ടിട്ടില്ല. അവതാരികയിൽ ശ്രീ. കുട്ടികൃഷ്ണമാരാരു് ചൂണ്ടിക്കാട്ടുന്നപോലെ 1087—ാമാണ്ടു് കവനകൗമുദിയുടെ നാലു ലക്കങ്ങളിലായി പ്രസിദ്ധപ്പെടുത്താനിടയായ ഒരു തുള്ളൽ കൃതിയാണിതു്. 'കണ്ണുനീർത്തുള്ളി' എഴുതിയ കവിയുടെ ആദ്യകാല രചനകളുടെ സ്വഭാവം അറിയാനുള്ള സഹൃദയകൗതുകത്തെ തൃപ്തിപ്പെടുത്തുന്നു എന്ന സവിശേഷത ഈ കൃതിക്കുണ്ടു്.

വാല്മീകി രാമായണം ഉത്തരകാണ്ഡം ഐമ്പത്തൊമ്പതാം സർഗ്ഗത്തിനുശേഷം കാണുന്ന രണ്ടു പ്രക്ഷിപ്ത സർഗ്ഗത്തിൽ വിവരിച്ച ഒരു കഥയാണു് പ്രതിപാദ്യം. ആയിരത്താണ്ടു പഴക്കമുള്ള കഥയാണെന്നു് ആരും സമ്മതിക്കും. ഒരുപക്ഷേ കഥ വാല്മീകീയമാണെന്നു പറയാൻ മടിക്കുന്നവർക്കുടി കഥ ഇന്നും പ്രസക്തമാണെന്നകാര്യത്തിൽ ഏകാഭിപ്രായക്കാരാകും. നിത്യനൂതനമായ ഒരു ചിരന്തനകഥയാണു് പ്രമേയം.

മൂലകഥയിൽ രാജാവു് സചിവന്മാർ എന്നിങ്ങനെ അത്യാവശ്യം വേണ്ടുന്നവർ മാത്രമായിരുന്നു കഥാപാത്രങ്ങൾ. ഇതിലാകട്ടെ ഒരു കേസുവിചാരണയിലെ ആദ്യ ഹരജിക്കാരന്റെ രംഗപ്രവേശം മുതൽ രാജവിധിയുണ്ടാകുന്നതുവരെ ഉത്തരകോസലത്തിലെ പ്രജകൾ അഭിപ്രായപ്രകടനം നടത്തിയതായിട്ടാണു് വിവരിക്കുന്നതു് അങ്ങിനെ മൂലകഥയെ അവലംബിച്ചു് പൊതുജനാഭിപ്രായഗതിയെ വരച്ചുകാട്ടാനുള്ള ഭിത്തിയായി പ്രയോജനപ്പെടുത്തിയിരിക്കുകയാണു് നാലപ്പാട്ടു്. രാമയണ കഥാംശങ്ങളെ എങ്ങിനെ സാമൂഹ്യ പ്രസക്തമാക്കി രൂപാന്തരം ചെയ്യാമെന്നതിനു ഒരു മാതൃകകൂടി ആയിട്ടുണ്ടു്.

കുഞ്ചൻനമ്പ്യാരൊക്കെ കഥ പറഞ്ഞുതുടങ്ങുന്നതു് ഒരു സുദീർഘവാക്യം കൊണ്ടാണല്ലൊ. വാസ്തവത്തിൽ പഴയ ചമ്പൂകൃതികളിലെ ഗദ്യമെന്ന ഭാഗത്തിന്റെ അനുകരണമാണു് തുള്ളൽ വൃത്തം.

പണ്ടതിരറ പരാക്രമ ശക്തികനം
കൊണ്ടടരിങ്കലൊരെതിരില്ലാതെ
കണ്ടജഗത്തുകളൊക്കെയടക്കിന
കണ്ടകനാം ദശകണ്ഠാശരനെ
ആണായിട്ടെതിരിട്ട വരുമ്പോനം
ക്കാണാം ചുണയും ത്രാണിയുമെന്നായു്
ബാണാഗ്രത്താലറിയിച്ചവനിൽ
പ്രാണാപായമണച്ചുലകെങ്ങും
നീണ്ടപുകഴ്പ്പൂമ്പട്ട വിരിച്ചുര
പൂണ്ടപുരത്തിൽപ്പുരു സുഖപൂർവ്വം
തണ്ടലർമിഴി ജാനകിയും പ്രിയമനം
ക്കൊണ്ടസഹോദരരേവരുമായി
തണ്ടരികനം ക്കറുമാറുജ്ജ്വല മുശിർ
കൊണ്ട പരന്തപ ഭടരൊട്ടമൊപ്പം
ആണ്ടർ കുലേശ്വരനമരാവതിയിൽ
കുണ്ഠതവിട്ട കുടുംബത്തോടും
ആരാലരുളുന്നതു പോലനുദിന
മാരാലും പരി പൂജിതനായി
താരാർ മാതനുവേലം തഴകു
ശ്രീരാമൻ ധര കാത്തരുളുമ്പോനം
നേരായിങ്ങിനെയൊരു കഥയുണ്ടായു്
സ്സാരാസാരമറിഞ്ഞവർ കേനംപ്പിൻ

ഇന്നു നിയമസഭ കൂടുന്നോനം ചോദ്യോത്തരവേള എന്നൊരു ഭാഗമുള്ളതിനെ അനുസ്മരിപ്പിക്കുമാറു് അന്നു് രാജസഭ കൂടിയാൽ സങ്കടഹരജിക്കാരാരെങ്കിലുമുണ്ടോ എന്നു് ആരായുകയായിരുന്നു ആദ്യത്തെ ഇനം. കാര്യക്കാരന്മാർ അടിയന്തിരമായി മഹാരാജാവിന്റെ തൃക്കൈവിളയാട്ടം ആവശ്യമായ രേഖകനം നിരത്തിവെച്ചിട്ടുണ്ടു്. ഒന്നോ രണ്ടോ വാക്കുകനം ചോദിക്കനം ഒപ്പുവെക്കനം. രാമരാജ്യമായതുകൊണ്ടു് സങ്കടഹരജി തിരഞ്ഞുപിടിക്കുക ഒരു പ്രശ്നമായിരുന്ന അക്കാലത്തു്. ഇന്നു സെക്രട്ടേറിയറ്റു പരിസരം ധർണകളുടെയും പ്രകടനങ്ങളുടെയും കോലാഹലമാണു് കാണപ്പെടുന്നതു്. അവയെ നിയന്ത്രിക്കാനുള്ളതു വിഷമം അക്കാലത്തു് ഒരു സങ്കടഹരജിക്കാരനെ കണ്ടുകിട്ടി രാജസന്നിധിൽ എത്തിക്കാൻ ഉദ്യോഗസ്ഥന്മാർ അനുഭവിക്കേണ്ടിവന്നു

സങ്കടഹരജിക്കാരുണ്ടെങ്കിൽ
സങ്കടമിപ്പോനം ബോധിപ്പിക്കാം
വങ്കന്മാരെ വിളിച്ചാൽക്കാണി—
ല്ലെങ്കൽപ്പാട്ടകിടക്കനം പിന്നെ
അവരുടെ സമയം നോക്കിയിരിപ്പാ—
നിവനിന്നവരുടെ ശമ്പളമാണോ
വേണം കാരിയമെന്നുണ്ടെങ്കിൽ
കാണാവുന്നേടത്തുവരട്ടെ.
ഇവരെത്തേടി നടക്കാൻ പണിയിവ
നവസാനിക്കാപണികനം കിടപ്പൂ

ഇങ്ങനെ പല സ്ഥലത്തും ഉദ്യോഗസ്ഥന്മാർ പരതിനടന്നു ഒരു സങ്കടക്കാരനെ കണ്ടുകിട്ടാൻ കഴിഞ്ഞില്ല. ഒരിടത്തും സങ്കടക്കാരില്ലെന്നു് ഒഴുക്കൻ മട്ടിൽ പറഞ്ഞു സമാധാനിപ്പിച്ചാൽ പോരാ ഒന്നുകൂടി ആരായുകയാണു് ഉദ്യോഗസ്ഥന്മാരുടെ ചുമതല എന്നു് മഹാരാജാവു് തന്നെ അവരെ ഓർമ്മപ്പെടുത്തി. ശ്രീരാമൻ രാജ്യഭാരം ചെയ്യുമ്പോൾ അവിടെ സങ്കടക്കാരാരുണ്ടോകാനാണു്?

നല്ലവസന്തം പെരുമാറുമ്പോൾ
മുല്ലകളം വാടിത്തളരുകയുണ്ടോ
നിറയും ഗംഗാനദിയുടെ കരയിൽ
പ്പറയുക ദാഹക്കെട്ടതിവരാമോ

മേരുമഹാമല മുകളിലിരിപ്പോ
ക്കോരുകിലുണ്ടോപൊന്നിനുപഞ്ചം
നട്ടച്ചക്കുമിരുട്ടാലുഴലിൽ
പ്പെട്ടിടുമാളുകളെന്നായ്വരുമോ

എന്നു പലതരത്തിൽ രാജാവിനെ ഭാഗ്യന്തരേണ സ്തുതിച്ചു എന്നു വരുത്തിത്തീർക്കുകയാണു് കൊട്ടാരം സിൽബന്ധികൾ. അപ്പോൾ ലക്ഷ്മണൻതന്നെ ഒരന്വേഷണത്തിനു് ഇറങ്ങി. അപ്പോൾ ഗോപുരവാതിൽക്കൽ ഒരു പട്ടി അവശനിലയിൽ കിടക്കുന്നതു ദൃഷ്ടിയിൽപ്പെട്ടു. പട്ടിയെ തച്ചു എല്ലൊടിക്കുക എന്ന ദുഷ്കൃത്യം ചെയ്തതാരാണെന്നു് ലക്ഷ്മണൻ അന്വേഷിച്ചു. പട്ടിപറയുന്നു, തന്റെ സങ്കടങ്ങൾ രാജസന്നിധിയിൽ ഉണർത്തിച്ചു കൊള്ളാമെന്നു്. വലിയ ധിക്കാരമാണു് പട്ടി കാണിച്ചതു് എന്നായി അടുത്തു നിൽക്കുന്നവർ.

കണ്ടോതാനൊരു ചെക്കിളിനായിനു
പണ്ടോർക്കാത്തൊരഹമ്മതിയിപ്പോൾ!
കണ്ടവരേകുമൊരെച്ചിലുതിന്നു
കൊണ്ടലയും ചില നായ്ക്കളിവണ്ണം
തണ്ടം കാട്ടി നടക്കുക, നാമതു
കണ്ടുപൊറുക്കയുമുചിതം തന്നെ
അമ്പട പൊട്ടപ്പട്ടി, നിനക്കീ
വമ്പത്തരമെവിടുന്നു പഠിഞ്ഞൂ!
തുമ്പർകുലേശ്വനിനിമേൽത്തൊഴണം
നിമ്പദമെന്ന നിലയ്യായല്ലോ!

ചിലർ പറയുന്നു പട്ടിയുടെ അഹമ്മതി അസഹനീയമാണു്. ഭരണക്കാർ താന്താങ്ങളുടെ ഗൗരവം പാലിക്കാത്തതുകൊണ്ടാണു് ചെക്കിളിപ്പട്ടികൾക്കുകൂടി ധിക്കാരം കൂടുന്നതു്! എതായാലും ലക്ഷ്മണൻ വന്നറിയിച്ചു, രാജാവു് സങ്കടക്കാരി പട്ടിയെക്കാണാനാഗ്രഹിക്കുന്നതായിട്ടു്! പലതരത്തിലുള്ള പ്രതികരണങ്ങളാണുണ്ടായതു് ദേവേന്ദ്രനു കൂടി സമയം നോക്കണം. രാജസന്നിധിയിൽ ചെല്ലാനെന്നുള്ളപ്പോൾ ഈ എല്ലൊടിഞ്ഞ പട്ടിക്കു നേരിട്ടുണ്ടു രാജസന്നിധിൽ കയറാമെന്നതു് അത്ഭുതമായിരിക്കുന്നുവെന്നു് ചിലർ.

എൺപത്തെട്ടു വയസ്സുകഴിഞ്ഞി
ക്കുംഭം കൊണ്ടു തികഞ്ഞൊരുകിഴവൻ
ആയിരമമ്പിളിയല്ലതിലപ്പുറ—
മീയിവനിപ്പോൾ കണ്ടുകഴിഞ്ഞു;

അത്യത്ഭുതമാം കാഴ്ചകളിഹഞാൻ
സത്യം പറകിൽപ്പലതും കണ്ടേൻ
ഇന്നെരികെട്ട മൃഗങ്ങളെയിങ്ങനെ
വന്നെതിരേറൊരു രാജകുമാരൻ

അവനിപ സഭയിലെഴുന്നള്ളിച്ചൊരു
വിവരം കേട്ടറിവില്ലിതുവരെയും
നിങ്ങടെ ഭാഗ്യം! മറവിവരെന്തിനു
നിന്നു വൃഥാവിൽ വിചാരിക്കുന്നു.

അങ്ങനെ പലരും പട്ടിയുടെ പിറകെ കൂടി. ശ്രീരാമന്റെ സഭയിൽ മഹർഷിശ്രേഷ്ഠന്മാർ, നേതാക്കന്മാർ, നീതിശാസ്ത്രജ്ഞന്മാർ സചിവപ്രമുഖന്മാർ എന്നിവരെല്ലാം നിറഞ്ഞിരിക്കുന്നുണ്ടു്. സുധർമ്മയെ

അപകടമരിപ്പിക്കുന്ന ബ്രഹ്മസഭ. ആ സഭയിലേക്കു കടന്നുവരുന്ന പ്രണപ്പെട്ട് എല്ലൊടിഞ്ഞ് നടക്കാൻ വിഷമമായ പട്ടിയുടെ രൂപം കവി വർണ്ണിച്ചിട്ടുണ്ട്. ശ്രീരാമൻ അതിനോട് ചോദിച്ച ഇരുപ്പും ദുസ്ഥിതിയിൽ ചെന്നുപെട്ട സാഹചര്യം വിവരിച്ചുകൊടുക്കാൻ. ഒരു ദുഷ്ടമനുഷ്യനാണ് ക്രൂരകൃത്യം ചെയ്തത്.

വെറുതെ മുതുകെല്ലിതാ
തച്ചൊടിച്ചിട്ട; നീ—
ന്നിരുവടിയൊഴിഞ്ഞതാ
രുണ്ട ചോദിക്കുവാൻ!
ശിവ ശിവ! തുലോം പീഡ
പെട്ടെനിക്കിങ്ങുനീ—
ന്നിവ പറയുവാൻ വയ്യ
കാരുണ്യവാരിധേ

ആ ദുഷ്ടമനുഷ്യൻ ഒരു വിളിപ്പാട് ദൂരത്തു് നിൽക്കുന്നുമുണ്ട് അപ്പോഴെക്കും നാലു് ഭടന്മാരെ വിട്ട് പ്രതിയെ ആനയിച്ചു. നേരുപറഞ്ഞാൽ ശിക്ഷ കഴിയുന്നതും കുറയ്ക്കാം. പ്രതി ഒരു ബ്രാഹ്മണനാണ്!

പിടിയടിയെന്നിങ്ങനെ ഭടർ കണ്ണും
പിടിയും കാട്ടിക്കല്പിക്കുകിലും
ആളകലം വന്നുതടിപ്പൂ കടലിൽ
കോളുപിടിച്ചുലയേണ്ടും വണ്ണം

ഭടന്മാർ പറഞ്ഞു, കാലസ്ഥിതിക്ക് പട്ടിയോടുള്ള പെരുമാറ്റം കൂടി കരുതി വേണ്ടിയിരിക്കുന്നു.

പെരിയവർ തമ്മൊട്ട മെളിയവരോടും
മരിയാദക്കേ പെരുമാറേണ്ട
കരുണാകരനാമീശ്വരനവിടേ
സ്സൊരുപോലാണലിവെല്ലാവരിലും

അപ്പോഴും പട്ടി പറഞ്ഞതിങ്ങനെയാണ്.

"ദേവസ്വത്തിൻ ഭരണംപൃഥ്വിപീ
ദേവകുമാരന്നേല്പിക്കേണം"

എന്തൊരു മാറ്റമാണ് ഉടൻ അയാൾക്കുണ്ടാകുക. വെറും പാർട്ടി പ്രവർത്തകൻ നിയമസാമാജികനായാലത്തെ മാറ്റം. നിസ്വനായവൻ ധനികനായിത്തീരുന്നു.

ഒരു നാഴിക മുമ്പുണിനുവേണ്ടി
ത്തെരുവീഥികളിലലഞ്ഞ മനുഷ്യൻ
ഒന്നാന്തരമൊരുവൈശ്രവണൻതാ—
നെന്നായത്ഭുതമെന്തിതിലേറെ!
ചുറ്റിയ മുണ്ടിന്നിണയില്ലാതെ
ചുറ്റിയ സാധുബ്രാഹ്മണപുത്രൻ
ആഭരണങ്ങളിലാകവെ മുഴകി
പ്രാവേമുള്ളനയായികളോടും
അനഘദ്യുതിയൊട്ട വിലസും നല്ലൊരു
കനകപ്പല്ലക്കാണെഴുന്നള്ളി

ബ്രാഹ്മണന്റെ ഭാഗ്യം ഒരു പട്ടിയെ പൊതുക്കി എന്ന കാരണത്തിനു് ഇത്ര ധനവാനാക്കി വിട്ടുന്നതു് കഷ്ടമാണ്. അപ്പോഴും പട്ടി പറയുകയാണ് താൻ കഴിഞ്ഞജന്മത്തിൽ ദേവസ്വം ജീവനക്കാരനായിരുന്നു. അതിന്റെ ഫലം ഈ ജന്മത്തിൽ അനുഭവിക്കയാണുണ്ടായതു്.

വിമതരെവരുത്തുവാൻ
ദേവസ്വ രക്ഷതൻ
ചുമതല കൊടുക്കുകിൽ
പ്പോതം, പരന്തപ

അങ്ങിനെയാവട്ടെ എന്ന ശ്രീരാമചന്ദ്രൻ തീർപ്പുകല്പിച്ചു സഭാതലം വിട്ടു. ഇതാണു 'ദൈവഗതി' യിലെ പ്രമേയം

കുട്ടികൃഷ്ണമാരാർ പറയുന്ന ഹാസ്യസാഹിത്യത്തിന്റെ കോടിയിൽ പെടുത്താവുന്നതു നമ്മോക്തികം നിറഞ്ഞതാണു് ശ്രീരാമചന്ദ്രന്റെ നാടുവാഴ്ചയെ വർണ്ണിക്കുന്നതാണെങ്കിലും ക്ഷേത്രോപജീവികളെ പരാമർശിക്കുന്ന ഈ തുള്ളൽ അമ്പലപരിസരങ്ങളിൽ വെച്ചു് കളിപ്പാൻ അനുവാദം കിട്ടുമോ എന്നു് സംശയമാണു് കാരണം ഇതിഹാസപുരുഷന്മാരെയും ഈശ്വരന്മാരെയും പരിഹസിക്കുന്നതുപോലെയല്ലല്ലോ പ്രത്യക്ഷമൂർത്തികളായ മനുഷ്യേശ്വരന്മാരെ പരിഹസിക്കുന്നതു്. ഗൗരവം മുറ്റിയ 'സുലോചന' എന്ന കൃതിയും പരിഹാസാത്മകമായ 'ദൈവഗതി' എന്ന തുള്ളൽ കൃതിയും രചിക്കാൻ നാലപ്പാടനു സാധിച്ചു എന്നതുതന്നെ രാമായണത്തിന്റെ നിത്യനൂതനത്വത്തിനും അനവദ്യമഹത്വത്തിനും ഒന്നുപോലെ തെളിവാണു്.

ആത്താനാമാർത്തിഹന്താരം
ഭീതാനാം ഭയനാശനം
ദ്വിഷതാം കാലദണ്ഡാനം
രാമചന്ദ്രം നമാമ്യഹം



With the best wishes from—



The Brilliant Parallel College

&

Brilliant Commercial Institute

Vadakkenchery